(സി) 1999-2000 അദ്ധ്യയന വർഷം 49,853.10 മെട്രിക് ടൺ അരി ഇന്ത്യാഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭരണസംവിധാനം സുഗമമാക്കുന്നതിന് നടപടി

16(*13) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻവൈദ്യർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി രൂപീകരിച്ചിട്ടുള്ള കേരള ഭരണപരിഷ്കാര കമ്മറ്റി എത്ര റിപ്പോർട്ടുകളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടുകളിൽ എന്തൊക്കെ ശുപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പടുത്തുമോ ;

(ഡി) ഭരണപരിഷ്കാര കമ്മറ്റിയുടെ ഏതെല്ലാം ശുപാർശകളാണ് സർക്കാർ ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ധനകാര്യ വകുപ്പിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പഞ്ചിംഗ് സമ്പ്രദായം എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ജി) പഞ്ചിംഗ് സമ്പ്രദായം രണ്ടാംഘട്ടത്തിൽ എവിടെയൊക്കെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) സംസ്ഥാനത്തെ ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ശുപാർശകൾ സമർപ്പിക്കാൻ മുഖ്യമന്ത്രി ചെയർമാനായി ഒരു ഭരണപരിഷ്കാര കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റി വിശദമായ പഠനങ്ങൾക്കുശേഷം നൽകുന്ന ശുപാർശകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഇതുവരെ ആറ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണപരിഷ്കാര കമ്മറ്റിയുടെ ഒന്നാമത് റിപ്പോർട്ടിൽ പൊതു നിർദ്ദേശങ്ങളാണ് അടങ്ങിയിട്ടുള്ളത്. അതിൽ പൗരാവകാശപത്രിക, സുതാര്യതയും അറിയുവാനുള്ള സംവിധാനവും, പൊതുജനങ്ങളുടെ പരാതിപരിഹാരം, വികേന്ദ്രീകരണവും ഭരണപരിഷ്കാരങ്ങളും, മോണിറ്ററിംഗ് എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാമത് റിപ്പോർട്ട് ഹാജർ. ഫയൽ എന്നിവയുടെ നിരീക്ഷണനിയന്ത്രണ സംവിധാനത്തെ കുറിച്ചുള്ളതാണ്. മൂന്നാമത് റിപ്പോർട്ടിൽ ധനപരമായ പരിഷ്കാരങ്ങളും നാലാമത് റിപ്പോർട്ടിൽ ഗവൺമെന്റ് ജീവനക്കാരെ തെരഞ്ഞെടുക്കൽ, റിക്രൂട്ട്മെന്റ്, കഴിവ് മെച്ചപ്പെടുത്തൽ, നിയമന സ്ഥാനനിർണ്ണയം, അച്ചടക്കം മുതലായവയെ സംബന്ധിച്ച് ശുപാർശകളാണ്. അഞ്ചാമത് റിപ്പോർട്ടിൽ വകുപ്പ് തലത്തിലുള്ള ഭരണ പരിഷ്കാരങ്ങളെ സംബന്ധിച്ചും ആറാമത് റിപ്പോർട്ടിൽ ഗസറ്റഡ് ഓഫീസർമാരുടെ വേതനവിതരണം പരിഷ്കരിക്കുന്നതിനെ സംബന്ധിച്ചുമുള്ള ശുപാർശകളാണ്.

(ഡി) ഭരണപരിഷ്കാര കമ്മറ്റിയുടെ 1 മുതൽ 4 വരെയുള്ള റിപ്പോർട്ടുകളിലെ ശുപാർശകളിൽ മിക്കവയും ഗവൺമെന്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പഞ്ചിംഗ്സിസ്റ്റം ഉൾപ്പെടെ ഭരണപരിഷ്കാര കമ്മറ്റിയുടെ 1, 11, റിപ്പോർട്ടുകളിൽ സമർപ്പിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് ശുപാർശകളും, ധനകാര്യവകുപ്പിന്റെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ഭരണ പരിഷ്കാര കമ്മറ്റിയുടെ 111-ാം റിപ്പോർട്ടിലെ ശുപാർശകളും അംഗീകരിച്ചു നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്&ജി) പഞ്ചിംഗ് സമ്പ്രദായം സംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പിലാക്കും. ഒന്നാംഘട്ടത്തിൽ സെക്രട്ടേറിയേറ്റ് അനക്സ്., ഡി.പി.ഐ., ഡി.എച്ച്.എസ് എന്നീ ഓഫീസുകളിലും, തൃശ്ശൂർ, കണ്ണൂർ, കൊല്ലം എന്നീ സിവിൽ സ്റ്റേഷനുകളിലും തിരുവനന്തപുരം കളക്ട്രേറ്റിലും ഏർപ്പെടുത്തുന്നു. രണ്ടാം ഘട്ടത്തിൽ പഞ്ചിംഗ് സമ്പ്രദായം സെക്രട്ടറിയേറ്റിലെ മറ്റു കെട്ടിടങ്ങളിലും വകുപ്പുതലവൻമാരുടെ ഓഫീസുകളിലും പൊതുജനസമ്പർക്കം കൂടുതലായുള്ള മറ്റ് ജില്ലാതല ഓഫീസുകളിലുമാണ് നടപ്പിലാക്കുന്നത്.

ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ആശുപത്രികളുടെ പ്രവർത്തനം

17(*15) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly